LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം

8-2-2016-ലെ ചോദ്യോത്തരങ്ങൾ

രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

തുറമുഖങ്ങളിലെ മണലെടുപ്പ്

1 (*1) ശ്രീമതി ഗീതാ ഗോപി:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മണലെടുപ്പ് നടത്താറുണ്ടോ; ഇത്തരം മണൽ വാരൽ നടത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത മണലെടുപ്പുമായി ബന്ധപ്പെട്ട് ടെണ്ടർ വിളിക്കാറുണ്ടോ; എങ്കിൽ അവസാനമായി ടെണ്ടർ വിളിച്ചതെന്നാണ്;

(സി) പ്രസ്തുത രംഗത്ത് എത്ര സൊസൈറ്റികളെ ലിസ്റ്റ് ചെയ്തിട്ടുണ്ട്; ഇത്തരം സൊസൈറ്റികളെ ലിസ്റ്റിൽപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; മാനദണ്ഡങ്ങൾ പാലിക്കാതെയുള്ള ലിസ്റ്റ് കോടതി റദ്ദാക്കിയിട്ടുണ്ടോ;

(ഡി) തുറമുഖങ്ങളിലെ മണലെടുപ്പുമായി ബന്ധപ്പെട്ട് വൻ അഴിമതികൾ നടക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഇത്തരം അഴിമതികൾ അവസാനിപ്പിക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു):

(എ) തുറമുഖങ്ങൾ കേന്ദ്രീകരിച്ച് മണലെടുപ്പ് നടത്താറില്ല. എന്നാൽ ജലയാനങ്ങളുടെ സുഗമമായ യാത്രയ്ക്കും അപകടങ്ങൾ ഒഴിവാക്കുന്നതിനുംവേണ്ടി തുറമുഖ ചാനൽ, ബേസിൻ എന്നിവയുടെ ആഴം എല്ലായ്പ്പോഴും ഒരേ അളവിൽ

നിലനിർത്തേണ്ടതുണ്ട്. വിവിധ അവസാദങ്ങൾ (Sediments) അടിഞ്ഞുകൂടുന്നത് വഴി അവയുടെ ആഴം കുറയുകയും ഇത് ജലയാനങ്ങളുടെ അപകടങ്ങൾക്ക് കാരണമാകുകയും ചെയ്യും. ഇത്തരം സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള പ്രക്രിയയാണ് ഡ്രഡ്ജിംഗ്. ഡ്രഡ്ജിംഗ് പ്രധാനമായും മെക്കാനിക്കൽ ഡ്രഡ്ജിംഗ്, മാന്വൽ ഡ്രഡ്ജിംഗ് എന്നിങ്ങനെ രണ്ടുവിധത്തിലുള്ളവ തുറമുഖ വകുപ്പ് നടത്തിവരുന്നു. മണൽവാരൽ തുറമുഖ വകുപ്പിന്റെ പ്രവർത്തനോദ്ദേശ്യങ്ങളിൽ വരുന്ന വിഷയമല്ല. എങ്കിലും തുറമുഖങ്ങളുടെ ആഴം ഒരേ അളവിൽ നിലനിർത്തുന്നതുമായി ബന്ധപ്പെട്ട് നടത്തുന്ന മാന്വൽ ഡ്രഡ്ജിംഗിന്റെ ഫലമായി ലഭിക്കുന്ന പദാർത്ഥങ്ങൾ വിൽപ്പന നടത്തുന്നുണ്ട്. ഇതുവഴി സർക്കാരിന് വരുമാനവും നിരവധി പേർക്ക് തൊഴിലും ലഭിക്കുന്നുണ്ട്. 18-3-2010-ലെ ജി.ഒ.(എം.എസ്.) നമ്പർ 17/2010/മ.തു.വ. പ്രകാരം തുറമുഖങ്ങളിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിലും ജീവജാലങ്ങളെ ബാധിക്കാത്ത തരത്തിലും തീരത്തിന് കേടുപാട് സംഭവിക്കാതെയും ചാനലിൽ മണ്ണ് അടിഞ്ഞുകൂടാതെയും മാന്വൽ ഡ്രഡ്ജ് ചെയ്യുവാൻ 1969-ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾക്കുമാത്രം ഡ്രഡ്ജിംഗ് നടത്തുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ബി) ടെണ്ടർ വിളിക്കാറുണ്ട്. അവസാനമായി ടെണ്ടർ വിളിച്ചത് 2015 ജനുവരിയിലാണ്.

(സി) തുറമുഖാടിസ്ഥാനത്തിൽ ടെണ്ടറിൽ നിന്നും തെരഞ്ഞെടുത്ത സൊസൈറ്റികളുടെ എണ്ണം ചുവടെ ചേർക്കുന്നു:

കൊടുങ്ങല്ലൂർ	-	8
പൊന്നാനി	-	20
ബേപ്പൂർ	-	4
വടകര	-	1
അഴീക്കൽ	-	20
കാസർഗോഡ്	-	12

LIBRARY ARCHIVES Kerala Legislative Assembly

സൊസൈറ്റികളെ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു:

1. സൊസൈറ്റിയുടെ മാന്വൽ ഡ്രഡ്ജിംഗിലുള്ള പരിചയം
2. മാന്വൽ ഡ്രഡ്ജിംഗ് മേഖലയിലെ തൊഴിലാളികളുടെ എണ്ണം
3. മാന്വൽ ഡ്രഡ്ജിംഗ് മേഖലയിലെ തൊഴിലാളികളുടെ ശതമാനം
4. സൊസൈറ്റിക്കുള്ള ഹാർബർ ക്രാഫ്റ്റുകൾ
5. ഡ്രഡ്ജ് ചെയ്ത പദാർത്ഥങ്ങൾ ഇടുന്നതിനുള്ള സ്ഥല സൗകര്യം
6. മുമ്പ് മാന്വൽ ഡ്രഡ്ജിംഗ് നടത്തിയ സൊസൈറ്റികൾ ഫൈൻ അടച്ചത് സംബന്ധിച്ച വിശദാംശങ്ങൾ
7. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കരിമ്പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം.

മേൽപ്പറഞ്ഞ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുതന്നെയാണ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. എന്നാൽ സൊസൈറ്റിയുടെ പ്രവൃത്തിപരിചയം ആവശ്യപ്പെടുന്ന നിബന്ധന ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുവാൻ ബഹുമാനപ്പെട്ട ഹൈക്കോടതി ആവശ്യപ്പെടുകയാണ് ചെയ്തത്.

(ഡി) മാന്വൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട് അഴിമതി ആരോപണങ്ങളൊന്നും ലഭിച്ചിട്ടില്ല. എന്നാൽ കാസർഗോഡ് തുറമുഖത്തെ 2013-ലെ മാന്വൽ ഡ്രഡ്ജിംഗ് ടെൻഡറുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നുണ്ട്. മാന്വൽ ഡ്രഡ്ജിംഗുമായി ബന്ധപ്പെട്ട ആക്ഷേപങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി കൃത്യമായ രീതിയിൽ മണൽ ബുക്കിംഗ് നടത്തുവാൻ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി

2 (*2) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്റ്റുഡൻന്റ്സ് പോലീസ് കേഡറ്റ് പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly